"ഭരണഭാഷ- മാതൃഭാഷ"

കേരള സർക്കാർ

സംഗ്രഹം

പരിസ്ഥിതി (ബി) വകുപ്പ് - കേരള തീരദേശ പരിപാലന അതോറിറ്റി - തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ (CRZ Notification) വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമുള്ള ജില്ലാതല കമ്മിറ്റികളിൽ ജില്ലാ ടൗൺ പ്ലാനറെ കൂടി ഉൾപ്പെടുത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരിസ്ഥിതി (ബി) വകുപ്പ്

G.O.(Rt) No.63/2022/ENVT തീയതി,തിരുവനന്തപുരം, 22-08-2022

പരാമർശം:- 1. 10.05.2022 ലെ സർക്കാർ ഉത്തരവ് സ.ഉ (സാധാ) നം. 33/2022/പരി

2. കേരള തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറിയുടെ

08.06.2022 ലെ 1565/എ2/2019/KCZMA നമ്പർ കത്ത്.

ഉത്തരവ്

തീരദേശ പരിപാലന വിജ്ഞാപനത്തിന്റെ (CRZ Notification) വ്യവസ്ഥകൾ നടപ്പിലാക്കുന്നതിനും നിരീക്ഷിക്കുന്നതിനുമായി ഓരോ തീരദേശ ജില്ലയിലും അതാത് ജില്ലാ മജിസ്ട്രേറ്റ് ചെയർമാനായും, അതാത് ജില്ലകളിലെ പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, ജില്ലാ പ്ലാനിംഗ് ഓഫീസർ, അസിസ്റ്റന്റ് കൺസർവേറ്റർ, വനം വകുപ്പ്, പ്രാദേശിക പരമ്പരാഗത സമൂഹങ്ങളിൽ നിന്നുള്ള പ്രതിനിധികൾ എന്നിവരെ അംഗങ്ങളായും ഉൾപ്പെടുത്തി പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം 7ജില്ലാതല കമ്മിറ്റികൾ പുനസംഘടിപ്പിച്ച് ഉത്തരവ് പുറപ്പെടുവിച്ചിരുന്നു.

ജില്ലാതല കമ്മിറ്റികളിൽ ജില്ലാ ടൗൺ പ്ലാനറെ കൂടി ഉൾപ്പെടുത്തണമെന്ന് തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി പരാമർശം (2) ലെ കത്തു പ്രകാരം അഭ്യർത്ഥിച്ചു.

സർക്കാർ ഇക്കാര്യം വിശദമായി പരിശോധിച്ചു. പരാമർശം (1) ലെ സർക്കാർ ഉത്തരവ് പ്രകാരം രൂപീകരിച്ച 7 ജില്ലാതല കമ്മിറ്റികളിൽ അതാത് ജില്ലാ ടൗൺ പ്ലാനറെ കൂടി ഉൾപ്പെടുത്തികൊണ്ട് ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഗവർണറുടെ ഉത്തരവിൻ പ്രകാരം)
SHARMILA C
ADDITIONAL SECRETARY

മെമ്പർ സെക്രട്ടറി, തീരദേശ പരിപാലന അതോറിറ്റി, തിരുവനന്തപുരം

ഡയറക്ടർ, പരിസ്ഥിതി കാലാവസ്ഥാ വ്യതിയാന വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാതല കമ്മിറ്റി അംഗങ്ങൾക്കും (തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി മുഖേന)

പ്രിൻസിപ്പൽ സെക്രട്ടറി, വ്യവസായ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, തദ്ദേശ സ്വയം ഭരണ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, റവന്യൂ വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, വനം വന്യജീവി വകുപ്പ്

പ്രിൻസിപ്പൽ സെക്രട്ടറി, മത്സ്യബന്ധന വകുപ്പ്

സെക്രട്ടറി, നഗര കാര്യ വകുപ്പ് ( മെമ്പർ, തീരദേശ പരിപാലന അതോറിറ്റി മുഖേന )

തീരദേശ പരിപാലന അതോറിറ്റി വിദഗ്ദ അംഗങ്ങൾക്കും NGO അംഗത്തിനും (തീരദേശ പരിപാലന അതോറിറ്റി മെമ്പർ സെക്രട്ടറി മുഖേന)

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന മലിനീകരണ നിയന്ത്രണ ബോർഡ്, തിരുവനന്തപുരം.

ഡയറക്ടർ, നാഷണൽ സെന്റർ ഫോർ എർത് സയൻസ് സ്റ്റഡീസ്, ആക്കുളം, തിരുവനന്തപുരം

ജില്ലാ കളക്ടർ, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/എറണാകുളം/കോട്ടയം/തൃശ്ശൂർ/മലപ്പുറം/ കോഴിക്കോട്/ കണ്ണൂർ/കാസറഗോഡ്.

പഞ്ചായത്ത് ഡയറക്ടർ, തിരുവന്നതപുരം (എല്ലാ തീരദേശ ഗ്രാപഞ്ചായത്തുകളിലെയും സെക്രട്ടറിമാർക്ക് പകർപ്പ് നൽകുന്നതിനായി)

ഡയറക്ടർ, നഗരകാര്യ വകുപ്പ് , തിരുവനന്തപുരം.( എല്ലാ കോർപ്പറേഷൻ സെക്രട്ടറിമാർക്കും തീരദേശ മുൻസിപ്പാലിറ്റി സെക്രട്ടറിമാർക്കും പകർപ്പ് നൽകുന്നതിനായി)

പഞ്ചായത്ത് ഡെപ്യൂട്ടി ഡയറക്ടർ, തിരുവനന്തപുരം/കൊല്ലം/ആലപ്പുഴ/എറണാകുളം/കോട്ടയം/ തൃശ്ശൂർ/മലപ്പുറം/കോഴിക്കോട്/ കണ്ണൂർ/കാസറഗോഡ്.

മെമ്പർ സെക്രട്ടറി, കേരള സംസ്ഥാന ശാസ്ത്ര സാങ്കേതിക പരിസ്ഥിതി കൗൺസിൽ, തിരുവന്നതപുരം.

പ്രിൻസിപ്പൽ അക്കൗണ്ടന്റ് ജനറൽ (എ&ഇ/ ആഡിറ്റ്), തിരുവനന്തപുരം

വെബ് &ന്യൂ മീഡിയ വിഭാഗം (വെബ്സൈറ്റിൽ അപലോഡ് ചെയ്യുന്നതിന്)

കരുതൽ ഫയൽ/ഓഫീസ് കോപ്പി

ഉത്തരവിൻ പ്രകാരം

സെക്ഷൻ ഓഫീസർ

പകർപ്പ് - ബഹു. മുഖ്യമന്ത്രിയുടെ പ്രൈവറ്റ് സെക്രട്ടറിക്ക്

ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

അഡീഷണൽ ചീഫ് സെക്രട്ടറിയുടെ പി.എയ്ക്ക്

അഡീഷണൽ സെക്രട്ടറിയുടെ സി.എയ്ക്ക്